(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴയിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മണൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ആഡിറ്റിംഗ് പൂർത്തിയായാൽ മാത്രമേ മണലെടുപ്പ് പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

വൈപ്പിൻ മണ്ഡലത്തിലെ ഭൂരഹിതർക്ക് ഭൂമി

142 (T*3889) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) വൈപ്പിൻ മണ്ഡലത്തിൽ നിന്നും ഈ ആവശ്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ അപേക്ഷകരിൽ, കാസർഗോഡ് പോലുള്ള മറ്റ് ജില്ലകളിൽ ഭൂമി ലഭിക്കുന്നപക്ഷം സ്വീകരിക്കുവാൻ തയ്യാറാണെന്ന സമ്മതപത്രം നൽകിയവർ എത്രപേരെന്ന് വ്യക്തമാക്കാമോ ;

(ഡി) വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർക്ക് ഭൂമി ലഭ്യമാക്കിയെന്നും, എവിടെയൊക്കെയെന്നും വിശദമാക്കാമോ ;

(ഇ) ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടി വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ വാർഷിക വരുമാനം 75,000 രൂപയിൽ താഴെയുള്ള ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനായി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചുനൽകിക്കൊണ്ടുള്ള 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' സർക്കാർ നടപ്പിലാക്കിവരുന്നു.

(ബി) വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലേക്ക് 2,686 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ഇതര ജില്ലകളിൽ നിന്നുള്ള ഭൂമി സ്വീകരിക്കുന്നതിന് 161 അപേക്ഷകർ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആർക്കും സ്വന്തം ജില്ലയിൽ അല്ലാതെ ഭൂമി വിതരണം ചെയ്തിട്ടില്ല.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കഴിപ്പിള്ളി വില്ലേജിൽ 7 കുടുംബങ്ങൾക്കും, കടമക്കുടി വില്ലേജിൽ ഒരു കുടുംബത്തിനും ഭൂമി അനുവദിച്ചിട്ടുണ്ട്.

(ഇ) പദ്ധതിയുടെ രണ്ടാംഘട്ടത്തിലെ പട്ടയ വിതരണത്തിനുള്ള നടപടികൾ നടന്നുവരികയാണ്. രണ്ടാംഘട്ടത്തിൽ പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകാനാണ് ശ്രമിച്ചുവരുന്നത്.

എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കൽ

143 (3890) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം നിയോജക മണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഭൂമി ഏറ്റെടുത്തുവെങ്കിൽ 76 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവോ ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) പുനരധിവാസ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 17-4-2010-ലെ സ.ഉ(സാധാ) നമ്പർ 1860/10/ഡി.എം.ഡി. പ്രകാരം സുനാമി പുനരധിവാസ പദ്ധതിയിൻകീഴിൽ 109 വീടുകൾ നിർമ്മിച്ച് നൽകാൻ ഉത്തരവായിരുന്നു. ഇതിൽ 33 വീടുകൾ മാത്രമേ പൂർത്തിയാക്കുവാൻ സാധിച്ചുള്ളൂ. ബാക്കി 76 വീടുകളുടെ നിർമ്മാണ പ്രവർത്തനം ഇതിനായി ഏറ്റെടുത്ത ഭൂമിയുടെ സ്ഥലമുടമകളുടെ എതിർപ്പുകാരണം സാധിച്ചില്ല. ഇപ്രകാരമുള്ള 76 പേരെ പുനരധിവസിപ്പിക്കുന്നതിനായി എടവിലങ്ങ് വില്ലേജിൽ 460/4, 460/5, 459/2, 459/6 സർവ്വേ നമ്പറുകളിൽപ്പെട്ട 2 ഏക്കർ 82 സെന്റ് ഭൂമി വിട്ടുനൽകാമെന്ന് ബന്ധപ്പെട്ട ഭൂവുടമകൾ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ 30-5-2014-ലെ സ.ഉ. (സാധാ) നമ്പർ 2309/2014/ഡി.എം.ഡി. പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 28-5-2015-ൽ ചേർന്ന എസ്.എൽ.എം.സി. യോഗം പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയും ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കാൻ 15-7-2015-ലെ സ.ഉ.(സാധാ) നമ്പർ 3661/15/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർക്ക് അനുമതി നൽകുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly